"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ. വകുപ്പ് - കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)- സ്റ്റാഫ് പാറ്റേൺ പരിഷ്കരണം- ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ തസ്തികയുടെ എണ്ണം പുനർനിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2026/CSIND തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-

1. 19.04.2023 ലെ സ.ഉ.(എം.എസ്) നം. 9/2023/സി.എസ്.ഐ.എൻ.ഡി.
2. കെ.എസ്.ഐ.എൻ.സി. മാനേജിംഗ് ഡയറക്ടറുടെ 27.10.2025 ലെ എ-1/2025 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)- ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം 38 കാറ്റഗറികളിലായി 239 തസ്തികകൾ ഉള്ളതിൽ ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ വിഭാഗത്തിൽ 20 തസ്തികകളാണ് അംഗീകരിച്ചിരുന്നത്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകളുടെ നിയമന യോഗ്യതകളും നിയമന രീതിയും പ്രൊമോഷൻ നിയമങ്ങളും ഉൾപ്പെടുത്തിയ പുതുക്കിയ കരട് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് കെ.എസ്.ഐ.എൻ.സി. യിലെ ജീവനക്കാരുടെ അംഗീകൃത സംഘടനാ പ്രതിനിധികളുമായി കമ്പനി മാനേജിംഗ് ഡയറക്ടർ 15.10.2025ൽ ചർച്ച നടത്തിയപ്പോൾ കമ്പനിക്ക് മുൻപ് ഫെറി സർവ്വീസ് ഉണ്ടായിരുന്നതിനാലാണ് ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ വിഭാഗത്തിൽ 20 തസ്തികകൾ ആവശ്യമായി വന്നിരുന്നതെന്നും, ഇപ്പോൾ കമ്പനി സ്വന്തമായി ഫെറി സർവ്വീസുകൾ നടത്തുന്നില്ലെന്നതിനാൽ ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ തസ്തികയുടെ ആകെ എണ്ണം 5 ആയി ചുരുക്കാവുന്നതാണെന്നും ജീവനക്കാരുടെ അംഗീകൃത സംഘടനാ പ്രതിനിധികൾ അഭിപ്രായപ്പെട്ടതായും, സംഘടനാ പ്രതിനിധികൾ മുന്നോട്ട് വച്ച നിർദ്ദേശം കമ്പനിയുടെ പുരോഗതിക്കും ജീവനക്കാരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുമാണെന്ന് കാണുന്നതിനാൽ അത് അംഗീകരിക്കാമെന്നും മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)-ന് സ്വന്തമായി ഫെറി സർവ്വീസുകൾ ഇല്ലാത്ത സാഹചര്യത്തിൽ പരാമർശം (1) പ്രകാരം അംഗീകാരം നല്കിയ സ്റ്റാഫ് പാറ്റേണിലെ ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ തസ്തികയുടെ എണ്ണം ഇരുപതിൽ നിന്ന് അഞ്ചായി കുറവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.രത്തൻ യു കേൽകർ ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്,38/924 എ, ഉദയ നഗർറോഡ് ഗാന്ധി നഗർ, കൊച്ചി. 20

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (13/08/2026- ലെ ഇനം.നം.135)
ധനകാര്യ (പി.യു.-എ) വകുപ്പ് (No. 3494997/പി.യു.-എ3/41/2026-FIN തീയതി 29.07.2026)
ആസൂത്രണ സാമ്പത്തിക കാര്യ (ബി പി ഇ) വകുപ്പ് (PL

GEA-BPE2/61/2026 തീയതി 10.04.2026)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ1/125/2026/സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം

Digitally signed by
Bimal V
Date: 14-08-2026
17:16:32

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-08-2026

ഫയൽ നം. എ1/125/2026/സി.എസ്.ഐ.എൻ.ഡി. ഇനം നം : **135**

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് - കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)-ലെ ടിക്കറ്റ് ഇഷ്യൂവർ കം മാസ്റ്റർ വിഭാഗത്തിലെ തസ്തികയുടെ എണ്ണം ഇരുപതിൽ നിന്ന് അഞ്ചായി ചുരുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്.

14/8/26.

SS CS(I&N)

**കേരള സർക്കാർ**
**[ ശ്രീ. വി.ഡി. സതീശൻ മന്ത്രിസഭ ]**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നം. എ 1/125/2026/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | കോസ്റ്റൽ ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ് |
| 3 | വിഷയം | കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)– ലെ ടിക്കറ്റ് ഇഷ്യവർ കം മാസ്റ്റർ വിഭാഗത്തിലെ തസ്തികയുടെ എണ്ണം ഇരുപതിൽ നിന്ന് അഞ്ചായി ചുരുക്കുന്നത് – സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | 31.07.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | ധനകാര്യ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്. ആസൂത്രണ സാമ്പത്തികകാര്യ (ബി പി ഇ) വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ. ശ്യാംകുമാർ എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. രത്തൻ യു. കേൽക്കർ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.08.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | ശ്രീ. ബിശ്വനാഥ് സിൻഹ |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.08.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | ശ്രീ. വി.ഡി. സതീശൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | 10.08.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.08.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)- ലെ ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ വിഭാഗത്തിലെ തസ്തികയുടെ എണ്ണം ഇരുപതിൽ നിന്ന് അഞ്ചായി ചുരുക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കോസ്റ്റൽ ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)- ൽ 19.04.2023 ലെ G.O (MS)No.9/2023/CSIND പ്രകാരം സ്റ്റാഫ് പാറ്റേൺ പുതുക്കുകയുണ്ടായി. പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം 38 കാറ്റഗറികളിലായി 239 തസ്തികകൾ ഉള്ളതിൽ ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ വിഭാഗത്തിൽ 20 തസ്തികകളാണ് ഉള്ളത്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകളുടെ നിയമന യോഗ്യതകളും നിയമന രീതിയും പ്രൊമോഷൻ നിയമങ്ങളും ഉൾപ്പെടുത്തിയ പുതുക്കിയ കരട് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് കെ.എസ്.ഐ.എൻ.സി.യിലെ ജീവനക്കാരുടെ അംഗീകൃത സംഘടനാ പ്രതിനിധികളുമായി കമ്പനി മാനേജിംഗ് ഡയറക്ടർ 15.10.2025 ൽ ചർച്ച നടത്തുകയുണ്ടായി. കമ്പനിക്ക് മുൻപ് ഫെറി സർവ്വീസ് ഉണ്ടായിരുന്നതിനാലാണ് ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ വിഭാഗത്തിൽ 20 തസ്തികകൾ ആവശ്യമായി വന്നിരുന്നതെന്നും ഇപ്പോൾ കമ്പനി സ്വന്തമായി ഫെറി സർവ്വീസുകൾ നടത്തുന്നില്ലെന്നും, ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ-ന്റെ പ്രൊമോഷൻ പോസ്റ്റ് ആയി സ്റ്റേഷൻ മാസ്റ്റർ തസ്തികയാണുള്ളതെന്നും ആയതിലേക്ക് നിയമിക്കുന്നതിനായി

ടിക്കറ്റ് ഇഷ്യവർ കം മാസ്റ്റർ തസ്തികയുടെ ആകെ എണ്ണം 5 ആയി ചുരുക്കണമെന്നും കമ്പനിയിലെ ജീവനക്കാരുടെ അംഗീകൃത സംഘടനാ പ്രതിനിധികൾ അഭിപ്രായപ്പെട്ടതായി മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. കമ്പനിയിലെ ട്രേഡ് യൂണിയനുകൾ മുന്നോട്ട് വെച്ച നിർദ്ദേശം കമ്പനിയുടെ പുരോഗതിക്കും ജീവനക്കാരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതുമാണെന്നതിനാൽ പ്രസ്തുത നിർദ്ദേശം അംഗീകരിക്കാമെന്ന് മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. കെ.എസ്.ഐ.എൻ.സി. യിലെ ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ വിഭാഗത്തിലെ തസ്തികയുടെ എണ്ണം ഇരുപതിൽ നിന്ന് അഞ്ചായി ചുരുക്കുന്നത് സംബന്ധിച്ച് ആസൂത്രണ സാമ്പത്തിക കാര്യ (ബി പി ഇ) വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"KSINC യിലെ ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ വിഭാഗത്തിലെ തസ്തികയുടെ എണ്ണം ഇരുപതിൽ നിന്ന് അഞ്ചായി ചുരുക്കുന്നതിനോട് ഈ വകുപ്പ് യോജിക്കാവുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു."

4. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചപ്പോൾ താഴെപ്പറയുംപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:.

"കമ്പനിയ്ക്ക് സ്വന്തമായി ഫെറി സർവ്വീസുകൾ ഇല്ലാത്ത സാഹചര്യത്തിൽ ടിക്കറ്റ് ഇഷ്യുവർ കം മാസ്റ്റർ തസ്തികയുടെ എണ്ണം ഇരുപതിൽ നിന്ന് അഞ്ചായി ചുരുക്കണമെന്ന ഭരണവകുപ്പ് പ്രൊപ്പോസൽ അംഗീകരിക്കുന്നു.

ഈ തീരുമാനത്തിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."

5. കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)-ന് സ്വന്തമായി ഫെറി സർവ്വീസുകൾ ഇല്ലാത്ത സാഹചര്യത്തിൽ കമ്പനിയിലെ ടിക്കറ്റ് ഇഷ്യൂവർ കം മാസ്റ്റർ തസ്തികയുടെ എണ്ണം ഇരുപതിൽ നിന്ന് അഞ്ചായി ചുരുക്കുന്നത് സംബന്ധിച്ച് വിഷയത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള ഷിപ്പിങ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)-ന് സ്വന്തമായി ഫെറി സർവ്വീസുകൾ ഇല്ലാത്ത സാഹചര്യത്തിൽ കമ്പനിയിലെ ടിക്കറ്റ് ഇഷ്യൂവർ കം മാസ്റ്റർ തസ്തികയുടെ എണ്ണം 19.04.2023 ലെ G.O (MS)No.9/2023/CSIND പ്രകാരം അംഗീകരിച്ച ഇരുപതിൽ നിന്ന് അഞ്ചായി ചുരുക്കാമോ?